# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.75 08.03.2012 ൽ മറുപടിയ്ക്ക്

### മുല്ലപ്പെരിയാർ ദുരന്ത നിവാരണ പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ:<br>'' കെ. കെ. ജയചന്ദ്രൻ:<br>'' എസ്. രാജേന്ദ്രൻ:<br>'' വി. ശിവൻകുട്ടി: | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ മന്ത്രി) |

| | |
|---|---|
| (എ) മുല്ലപ്പെരിയാർ ഡാം ബ്രേക്ക് അനാലിസിസിന് നിയോഗിച്ച റൂർക്കി ഐ.ഐ.ടി. റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) പഠന റിപ്പോർട്ടിന്റെ ആദ്യഭാഗം (മുല്ലപ്പെരിയാർ മുതൽ ഇടുക്കി ഡാം വരെ) സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നു. പ്രസ്തുത റിപ്പോർട്ട് ഉന്നതാധികാര സമിതിക്ക് മുൻപാകെ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമായി ചേർന്ന് ദുരന്ത നിവാരണത്തിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. |
| (ബി) ദുരന്തനിവാരണ അതോറിറ്റിക്കു വേണ്ടി റവന്യൂ വകുപ്പ് ദുരന്തം ബാധിക്കാനിടയുള്ളവരുടെ കണക്കെടുപ്പ് നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br>(സി) ഇതിൻമേൽ എന്തു തുടർനടപടിയാണ് സ്വീകരിച്ചത്; | (ബി) & (സി)<br>എച്ച്.വി.ആർ.എ (ഹസാർഡ് വൾനറബിലിറ്റി റിഡക്ഷൻ ആന്റ് അസസ്മെന്റ്) സെൽ നിയോഗിച്ച ഉദ്യോഗസ്ഥർ മുല്ലപ്പെരിയാർ മുതൽ ഇടുക്കി ഡാം വരെയുള്ള സ്ഥലങ്ങളിൽ നിജപ്പെടുത്തിയ ഉയർന്ന പോയിന്റുകൾക്കിടയിൽ വരുന്ന പ്രദേശങ്ങളിൽ വില്ലേജ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് നടത്തിയ പരിശോധനയിൽ 8941 |

| | |
|---|---|
| | വീടുകൾ ഉണ്ട്. അപകടം സംഭവിക്കുന്ന പക്ഷം ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള താത്കാലിക ഷെൽട്ടറുകൾ കണ്ടെത്തിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) റവന്യു വകുപ്പിന്റെ കണക്കും റൂർക്കി ഐ.ഐ.ടി.യുടെ റിപ്പോർട്ടും പൊരുത്തപ്പെടുന്നതാണോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) ഡാം ബ്രേക്ക് അനാലിസിസ് പഠനം പൂർത്തികരിച്ചിട്ടില്ല. അതിനാൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ